ഭരണഭാഷ – മാതൃഭാഷ

<u>**അടിയന്തിരം**</u>

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.**DTETVM/2265/2025-D7 (PA)** തീയതി:**29-03-2025**

## <u>സർക്കുലർ</u>

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - **NABARD RIDF TRANCHE XXXI (2025-2026)** ഉൾപ്പെടുത്തുന്നതിനുള്ള പ്രോജക്റ്റ് പ്രൊപ്പോസൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന : **1.24/02/2025** ലെ സ.ഉ (അച്ചടി) നം.**20/2025**/ധന.
**2.26/02/2025** ലെ സ.ഉ (അച്ചടി) നം.**21/2025**/ധന.
**3.25/03/2025** ലെ സർക്കുലർ നം.**26/2025**/ധന.

സൂചന **(1)** പ്രകാരം **NABARD RIDF TRANCHE XXXI (2025-2026)** ലേയ്ക്ക് പദ്ധതിയുടെ ആവശ്യകതയും, പ്രയോഗികതയും നോക്കി, ടെണ്ടർ നടപടികൾ തുടങ്ങുന്നതിന് തടസ്സമില്ലാത്തതുമായ പ്രവൃത്തികൾ ഉൾപ്പെട്ട പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധിയും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ടു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന **(2)** പ്രകാരം **01/04/2025** പ്രാബല്യത്തിൽ സംസ്ഥാനങ്ങളിലെ എല്ലാ പൊതുമരാമത്ത് വർക്കുകൾക്കും **DSoR 2021** ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂചന **(3)** പ്രകാരം **NABARD RIDF TRANCHE XXXI (2025-2026)** ലേയ്ക്ക് പദ്ധതികൾ പരിഗണിക്കുന്നതിന് സർക്കാരിന്റെ ധനവകുപ്പിന് സമർപ്പിക്കുന്നതിനുള്ള സമയ പരിധി **15/04/2025** വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന **(1)** ൽ സർക്കാർ നിഷ്കർഷിക്കും വിധവും, **DSoR 2021** പ്രകാരം തയ്യാറാക്കിയതുമായ പദ്ധതിയുടെ **വിശദമായ രൂപ രേഖ (Soft Copy ഉൾപ്പടെ) 05/04/2025** ന് മുൻപായി ഈ കാര്യാലയത്തിൽ അടിയന്തിരമായി സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നഗര പ്രദേശങ്ങൾ ഒഴികെയുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ പോളിടെക്‌നിക് കോളേജ്, സർക്കാർ ടെക്‌നിക്കൽ ഹൈസ്കൂൾ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുന്നു.

സൂചന (1) - (2) ലെ സർക്കാർ ഉത്തരവുകളുടെയും സൂചന (3) ലെ സർക്കാർ സർക്കുലറിന്റെയും പകർപ്പുകൾ തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം : മേൽ പറഞ്ഞത് പ്രകാരം.

**SHALIJ P R**

**DIRECTOR**

**29-03-2025**

പകർപ്പ്:

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, സർക്കാർ പോളിടെക്നിക് കോളേജ്, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപന മേധാവികൾക്ക് (www.dtekerala.gov.in - വെബ്സൈറ്റ് മുഖാന്തിരം).

2. ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

Signed by
Shalij P R
Date: 29-03-2025 22:31:17

**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് – നബാർഡ് ആർ. ഐ. ഡി. എഫ് ട്രാഞ്ചെ 31 (2025–26) – പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധിയും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ – എ) വകുപ്പ്**

**സ.ഉ.(അച്ചടി)നം.20/2025/ധന** **തീയതി , തിരുവനന്തപുരം, 24/02/2025**

---

പരാമർശം : 1. സ.ഉ.(അച്ചടി) നം. 26/2018/ധന, തീയതി 23/02/2018.
2. സ.ഉ.(സാധാ) നം.5248/2022/ധന, തീയതി 21/07/2022.
3. സ.ഉ.(അച്ചടി) നം. 80/2023/ധന, തീയതി 31/07/2023.

**ഉത്തരവ്**

ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളാണ് നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി . പ്രസ്തുത പദ്ധതിലേക്ക് വാർഷാവർഷം പദ്ധതികൾ ലഭ്യമാക്കി ധന വകുപ്പ് മുഖാന്തിരം അംഗീകാരം നൽകി നടപ്പിലാക്കി വരുന്നു.

2. 2025–26 കാലയളവിലെ നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 31–ലേക്ക് സൂചനകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച്, താഴെ പറയുന്ന അധിക നിബന്ധനകൾക്ക് വിധേയമായി പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (Detailed Project Report – DPR) തയ്യാറാക്കേണ്ടതും ആയത് ബന്ധപ്പെട്ട ഭരണ വകുപ്പ് ഉന്നത തലത്തിൽ പരിശോധിച്ച് പദ്ധതിയുടെ ആവശ്യകതയും , പ്രയോഗികതയും നോക്കി, ടെണ്ടർ നടപടികൾ തുടങ്ങുന്നതിന് തടസ്സമില്ലാത്തതുമായ പ്രവൃത്തികൾ കണ്ടെത്തി മുൻഗണനാ ക്രമം നിശ്ചയിച്ച് ധന വകുപ്പിന് **15/03/2025 ന് മുൻപായി** ലഭ്യമാക്കേണ്ടതാണ്.

i. രണ്ട് വർഷത്തിനുള്ളിൽ/നബാർഡ് നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രമേ വകുപ്പുകൾ സമർപ്പിക്കേണ്ടതുള്ളൂ.

ii. സംസ്ഥാനത്തിന്റെ പ്രധാന ഫണ്ട് സ്രോതസ്സായ ആർ.ഐ.ഡിഎഫിൽ കേരളത്തിന്റെ പ്രകടനം ഗണ്യമായി മെച്ചപ്പെടുത്തുന്നതിനായി ആർ.ഐ.ഡി.എഫ് ഫണ്ടുകളുടെ വിനിയോഗം വർദ്ധിപ്പിക്കുന്നതിന് സിവിൽ വർക്കുകൾക്ക് പുറമേ യന്ത്രങ്ങളുടേയും ഉകരണങ്ങളുടേയും സംഭരണത്തിനുള്ള പദ്ധതികളും സമർപ്പിക്കാവുന്നതാണ്.

iii. RIDF പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പിന്റെ പേരിൽ സ്വതന്ത്ര കൈവശാവകാശം ഉള്ളതും ബാധ്യതരഹിതമായതും , എല്ലാ രേഖകളും കൃത്യമായതുമായ ഭൂമിയുടെ/കെട്ടിടത്തിന്റെ ലഭ്യത ഭരണ വകുപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

iv. പദ്ധതി നടപ്പിലാക്കുന്നതിന് പരിസ്ഥിതി, വനം, തദ്ദേശ സ്ഥാപനങ്ങൾ, റെയിൽവേ തുടങ്ങിയ സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആവശ്യമായ എല്ലാ തരത്തിലുമുള്ള അനുമതി പത്രങ്ങൾ ലഭ്യമായ പദ്ധതികൾ മാത്രമേ NABARD RIDF ലേക്ക് ശിപാർശ ചെയ്ത് സമർപ്പിക്കാൻ പാടുള്ളൂ. ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ലഭ്യമല്ലാത്ത പ്രവൃത്തികൾ യാതൊരു കാരണവശാലും സമർപ്പിക്കാൻ പാടില്ല.

v. ടെൻഡറിന് തയ്യാറായതും താൽകാലിക സാങ്കേതികാനുമതി ഉള്ളതും ആയിരിക്കണം.

vi. വിശദമായ പദ്ധതി രേഖകൾക്കൊപ്പം കരട് ടെൻഡർ രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

vii. കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ വിവിധ വകുപ്പുകളുടെ പദ്ധതി നടത്തിപ്പും ഇതുവരെ അനുവദിച്ച RIDF പ്രവൃത്തികൾ സമയബന്ധിതമായി തുടങ്ങുന്നതിനും പൂർത്തീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളും പരിശോധിച്ച്, മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചിട്ടുള്ള വകുപ്പുകളുടെ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകികൊണ്ട്, 100% RIDF ലോണും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ഉപയോഗപ്രദമാക്കും എന്ന് ഉറപ്പുള്ളതുമായ പദ്ധതികൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

viii. അംഗീകാരം വാങ്ങി പ്രവൃത്തികൾ അവാർഡ് ചെയ്യുകയും എന്നാൽ പിന്നീട് ഡിസൈൻ മാറ്റം ആവശ്യമായി വരികയും ചെയ്യുന്ന പദ്ധതികളുടെ കാര്യത്തിൽ, ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും പദ്ധതി തുകയുടെ 5% പിഴയായി ഈടാക്കുന്നതാണ്.

ix. അംഗീകാരം ലഭ്യമാക്കിയതിന് ശേഷം, വകുപ്പിന്റെ വീഴ്ച മൂലം RIDF ഫണ്ട് നഷ്ടപ്പെടുത്തുന്ന വകുപ്പുകളുടെ തുടർന്നുള്ള വർഷങ്ങളിലെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ആനുപാതികമായ കുറവ് വരുത്തുന്നതും കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ആയത് ഈടാക്കുന്നതുമാണ്.

x. RIDF ന് കീഴിൽ ധനസഹായം സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോം RIDF Portal (PSAM module)വഴിയാണ് സമർപ്പിക്കേണ്ടത്.

3. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അലോക്കേഷന്റെ അടിസ്ഥാനത്തിലും, ഇതു വരെയുള്ള നബാർഡ് RIDF പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി RIDF ലോൺ പൂർണ്ണമായും വിനിയോഗിക്കുന്നതിൽ ഓരോ വകുപ്പും കാണിച്ച പ്രകടനവും പ്രവർത്തന മികവും ധന വകുപ്പ് വിലയിരുത്തി, ഉന്നത തലത്തിൽ പരിശോധിച്ച്, സുഗമമായി പൂർത്തീകരിക്കുമെന്ന് ഉറപ്പുള്ള പദ്ധതികൾ മാത്രം പരിഗണിക്കുന്നതും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള മുനഗണനാക്രമം നിശ്ചയിച്ച് നബാർഡിന് ശിപാർശ ചെയ്യുന്നതുമാണ്. നബാർഡ് വിശദമായ പരിശോധനകൾക്ക് ശേഷം, സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള RIDF ലോൺ അലോക്കേഷന്റെ അടിസ്ഥാനത്തിൽ, പദ്ധതികൾക്ക് അംഗീകാരം നൽകുന്നതും, അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സമയ ബന്ധിതമായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ഭരണാനുമതി പുറപ്പെടുവിച്ച് തുടർ നടപടികൾ നിർവ്വഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ. എ. ജയതിലക് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് II)കേരളം, തിരുവനന്തപുരം.
3. എല്ലാ വകുപ്പ് മേധാവികൾക്കും
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. ചീഫ് ജനറൽ മാനേജർ, നബാർഡ്, പുന്നൻ റോഡ്, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No.NC-A1/34/2024/Fin Part(1) 2888331)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**GOVERNMENT OF KERALA**

**Abstract**

Finance Department- Execution of public works in the State- Adoption of Delhi Schedule of Rates 2021 - Sanctioned - Orders issued.

---

**FINANCE (INDUSTRIES & PUBLIC WORKS - B) DEPARTMENT**

G.O.(P)No.21/2025/FIN Dated, Thiruvananthapuram, 26-02-2025

---

Read :- 1 G O(P)114/2021/Fin dated 13/8/2021
2 Item No 449 Budget Speech 2025-26

**ORDER**

Government have introduced Delhi Schedule of Rates 2018 in the State as per the Government order read above. The implementation of the Delhi Schedule of Rates 2021 was announced in the Budget Speech 2025-26 as per **item No. 449.**

Government have examined the matter in detail and are pleased to implement the Delhi Schedule of Rates 2021 for all public works in the state with effect from **01/04/2025.**

The Chief Engineer PWD (Administration) is directed to derive applicable cost indices for the Delhi Schedule of Rates 2021, devoid of GST component , publish it and incorporate the same in the PRICE software.

The Chief Technical Examiner shall audit the PRICE software to check whether changes as proposed above are implemented and shall report the same.

**(By Order of the Governor)**
**DR A JAYATHILAK I A S**
**ADDITIONAL CHIEF SECRETARY (FINANCE)**

To:

The Accountant General (A&E)Kerala Thiruvananthapuram
The Accountant General (Audit I )Kerala Thiruvananthapuram

The Accountant General (Audit II )Kerala Thiruvananthapuram
The Secretary to Governor
The Private Secretary to Hon. Chief Minister
The Private Secretary to the Leader of opposition
All Secretaries to Government
The Registrar, High Court of Kerala
The Secretary, Kerala Human Rights Commission
Thiruvananthapuram
The State Election Commissioner, State Election Commission
Thiruvananthapuram
All Departments of Secretariat
All Heads of Departments and Offices
The Registrar , all Universities of Kerala
All Chief Engineers PWD/WRD/LSGD/HED
The Chief Technical Examiner
The Nodal Officer www.finance.kerala.gov.in
Stock file/Office copy(e-2994560)

Forwarded/By Order

Section Officer

# കേരള സർക്കാർ

നമ്പർ : 26/2025/ധന

ധനകാര്യ (നോഡൽ സെന്റർ–എ) വകുപ്പ്
തിരുവനന്തപുരം
തീയതി: 25.03.2025.

## <u>സർക്കുലർ</u>

**വിഷയം** :– ധനകാര്യ വകുപ്പ്– നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ച 31 (2025–26) പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി നീട്ടികൊണ്ട് മാർഗ്ഗ നിർദേശങ്ങൾ – പുറപ്പെടുവിക്കുന്നു.

**സൂചന** :– 1. സ.ഉ (അച്ചടി) നം. 20/2025/ധന, തീയതി 24/02/2025

2. സ.ഉ (അച്ചടി) നം. 21/2025/ധന. തീയതി 26/02/2025

സൂചന (1) പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 31 (2025–26) ലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധിയും മാർഗ്ഗ നിർദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന 2 പ്രകാരം 01/04/2025 പ്രാബല്യത്തിൽ സംസ്ഥാനത്തിലെ എല്ലാ പൊതുമരാമത്ത് വർക്കുകൾക്കും DSoR 2021 ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 31 (2025–26) – ലേക്ക് പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 15/4/2025 വരെ നീട്ടി നൽകുന്നു. സൂചന 1 ൽ നിഷ്കർഷിക്കും വിധവും DSoR 2021 പ്രകാരം തയ്യാറാക്കിയതുമായ പദ്ധതിയുടെ വിശദമായ രൂപ രേഖ (soft copy ഉൾപ്പെടെ), ഭരണ വകുപ്പ് വഴി മുൻഗണനാക്രമം നിശ്ചയിച്ച്, 15/4/2025 ന മുൻപായി ധന വകുപ്പിൽ എത്തിക്കേണ്ടതാണ്. ആയതിന് എല്ലാ ബന്ധപ്പെട്ട വകുപ്പ് മേധാവികളും ഭരണ വകുപ്പും തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**കെ അനിൽ കുമാർ**

**അഡീഷണൽ സെക്രട്ടറി**

**പകർപ്പ്:**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരളം, തിരുവനന്തപുരം.
3. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് മേധാവികൾക്കും.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
5. ചീഫ് ജനറൽ മാനേജർ, നബാർഡ്, പുന്നൻ റോഡ്, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-3055160)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**